പ്രസരണ നഷ്ടത്തിലെ കുറവും ബോർഡിന്റെ ലാഭവർദ്ധനവും

14 [*218] വി. ഡി. സതീശൻ :

പ്രൊഫസർ കെ. വി. തോമസ്:

ഡോക്ടർ എം. എ. കുട്ടപ്പൻ :

ശ്രീ. കെ. എ. ചന്ദ്രൻ:

,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ വൈദ്യുതിയുടെ പ്രസരണനഷ്ടം കുറയ്ക്കുവാൻ എന്തെല്ലാം നടപടികളെടുത്തു;

(ബി) അതിനുവേണ്ടി എന്തു തുക ചെലവഴിച്ചു ;

(സി) അതിന്റെ ഫലമായി പ്രസരണനഷ്ടം എത്രമാത്രം കുറഞ്ഞു ;

(ഡി) ഇതിന്റെ ഫലമായി ബോർഡിനുണ്ടാകുന്ന പ്രതിവർഷ ലാഭമെത്രയാണെന്ന് വ്യക്തമാക്കാമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ) പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 81 സബ്സ്റ്റേഷനുകളുടെയും അനുബന്ധലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി. കൂടാതെ നിലവിലുള്ള സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക, വിവിധ സബ് സ്റ്റേഷനുകളിൽ കപ്പാസിറ്ററുകൾ സ്ഥാപിക്കുക, എനർജി ആഡിറ്റ് നടപ്പിലാക്കുക തുടങ്ങിയ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇതിനുവേണ്ടി 606.69 കോടി രൂപ ചെലവഴിച്ചു.

(സി) മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി 2001-02-ൽ 7.64 ശതമാനം ഉണ്ടായിരുന്ന പ്രസരണ മേഖലയിലുള്ള നഷ്ടം 2004-05-ൽ (12/04 വരെ) 4.47 ശതമാനമായി കുറയ്ക്കുവാൻ സാധിച്ചു.

(ഡി) ഇതിന്റെ ഫലമായി ബോർഡിന് പ്രതിവർഷം 51 കോടി രൂപയുടെ ലാഭമുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

കാർഷിക മേഖലയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

15 (*219) ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കാർഷിക മേഖലയുടെ പുനരുദ്ധാരണ-നവീകരണ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം പ്രോജക്ടുകൾ കേന്ദ്രഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നറിയിക്കാമോ ;

(ബി) ഇവയിൽ 2004-05 കാലയളവിൽ ഏതെല്ലാം പ്രോജക്ടുകൾ അംഗീകരിക്കപ്പെട്ടെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly